**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3426** **02-03-2023 - ൽ മറുപടിയ്ക്ക്**

**കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടത്ര വേഗതയില്ലെന്ന തരത്തിലുള്ള മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഇല്ല. |
| (ബി) | നിലവിൽ എത്ര അപേക്ഷകളാണ് കമ്മീഷൻ തീർപ്പാക്കാനുള്ളത്; വർഷം തിരിച്ചും ജില്ല തിരിച്ചുമുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | **31-03-2020 വരെ കമ്മീഷനിൽ ലഭിച്ച 6,27,930 അപേക്ഷകളിൽ ഇടുക്കി 56,258, കണ്ണൂർ - 1,530, വയനാട് - 17,993 എന്നിങ്ങനെ ആകെ 75,781 അപേക്ഷകളാണ് കമ്മീഷനിൽ തീർപ്പാക്കുവാനുള്ളത്. പ്രസ്തുത അപേക്ഷകൾ പരമാവധി വേഗത്തിൽ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.**<br><br>**കടാശ്വാസത്തിനുള്ള സമയം ദീർഘിപ്പിച്ചതിനെ തുടർന്ന് പുതിയ അപേക്ഷകൾ 01-01-2023 മുതൽ സ്വീകരിച്ചു വരുന്നുണ്ട്. 30-06-2023 ആണ് പുതിയ അപേക്ഷ സ്വീകരിക്കുവാനുള്ള അവസാന തീയതി.**<br><br>**കോവിഡ് നിയന്ത്രണങ്ങളിൽ ഇളവു വരുത്തിയശേഷം അപേക്ഷകളിന്മേൽ പരമാവധി വേഗത്തിൽ തീർപ്പ് കല്പിക്കുന്നതിനായി സിറ്റിംഗുകളുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി, വയനാട്, കണ്ണൂർ എന്നിവ ഒഴികെ ബാക്കി 11 ജില്ലകളിലെ അപേക്ഷകൾ പൂർണ്ണമായും തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. കമ്മീഷനിൽ 31.03.2020വരെ 6,27,930 അപേക്ഷകളാണ് രജിസ്റ്റർ ചെയ്തിരുന്നത്. ഇതിൽ 31.01.2023 വരെ 5,52,149 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.**<br><br>**ശേഷിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനായി നേരിട്ടും ഓൺ ലൈനായും ഊർജ്ജിതമായി സിറ്റിംഗുകൾ നടത്തുന്നുണ്ട്. കടാശ്വാസ ഉത്തരവുകൾ എത്രയും വേഗം അപേക്ഷകർക്ക് അയച്ചു കൊടുക്കുവാനായി ത്വരിത നടപടി സ്വീകരിച്ചു വരുന്നുണ്ട്.** |

| | | | |
|---|---|---|---|
| (സി) | കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | **31-03-2020 വരെ കമ്മീഷനിൽ ലഭിച്ച 6,27,930 അപേക്ഷകളിൽ ഇടുക്കി 56,258, കണ്ണൂർ - 1,530, വയനാട് - 17,993 എന്നിങ്ങനെ ആകെ 75,781 അപേക്ഷകളാണ് കമ്മീഷനിൽ തീർപ്പാക്കുവാനുള്ളത്. പ്രസ്തുത അപേക്ഷകൾ പരമാവധി വേഗത്തിൽ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.**<br><br>**കടാശ്വാസത്തിനുള്ള സമയം ദീർഘിപ്പിച്ചതിനെ തുടർന്ന് പുതിയ അപേക്ഷകൾ 01-01-2023 മുതൽ സ്വീകരിച്ചു വരുന്നുണ്ട്. 30-06-2023 ആണ് പുതിയ അപേക്ഷ സ്വീകരിക്കുവാനുള്ള അവസാന തീയതി.**<br><br>**കോവിഡ് നിയന്ത്രണങ്ങളിൽ ഇളവു വരുത്തിയശേഷം അപേക്ഷകളിന്മേൽ പരമാവധി വേഗത്തിൽ തീർപ്പ് കല്പിക്കുന്നതിനായി സിറ്റിംഗുകളുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി, വയനാട്, കണ്ണൂർ എന്നിവ ഒഴികെ ബാക്കി 11 ജില്ലകളിലെ അപേക്ഷകൾ പൂർണ്ണമായും തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. കമ്മീഷനിൽ 31.03.2020വരെ 6,27,930 അപേക്ഷകളാണ് രജിസ്റ്റർ ചെയ്തിരുന്നത്. ഇതിൽ 31.01.2023 വരെ 5,52,149 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.**<br><br>**ശേഷിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനായി നേരിട്ടും ഓൺ ലൈനായും ഊർജ്ജിതമായി സിറ്റിംഗുകൾ നടത്തുന്നുണ്ട്. കടാശ്വാസ ഉത്തരവുകൾ എത്രയും വേഗം അപേക്ഷകർക്ക് അയച്ചു കൊടുക്കുവാനായി ത്വരിത നടപടി സ്വീകരിച്ചു വരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ